(സി)	പദ്ധതിയുടെ പേര്	ചെലവായ തുക
1.	മഞ്ചേരി ശുദ്ധജലവിതരണ പദ്ധതി	993.437 ലക്ഷം രൂപ
2.	കീഴ്പറമ്പ് ശുദ്ധജലവിതരണ പദ്ധതി	83.127 "
3.	ചീക്കോട് ശുദ്ധജലവിതരണ പദ്ധതി	118.33 "

(ഡി) ഉണ്ട്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

	പദ്ധതിയുടെ പേര്	തുക ലക്ഷത്തിൽ
1.	മഞ്ചേരി ശുദ്ധജലവിതരണ പദ്ധതി	27.40 ലക്ഷം രൂപ
2.	കീഴ്പറമ്പ് ശുദ്ധജലവിതരണ പദ്ധതി	52.00 "
3.	ചീക്കോട് ശുദ്ധജലവിതരണ പദ്ധതി	873.00 "

വർക്കല അർബൻ വാട്ടർ സ്പ്ലൈ സ്കീം

53(259) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല അർബൻ വാട്ടർ സ്പ്ലൈ സ്കീമിന്റെ നിർമ്മാണ ജോലികൾ നിർത്തിവച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ :

(സി) നിർമ്മാണ ജോലികൾ ഈ വർഷം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 2001 ഡിസംബർ മാസത്തോടെ ഇതിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ശുദ്ധജല വിതരണ പദ്ധതികൾ

54(261) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡത്തിൽ നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന എത്ര ശുദ്ധജലവിതരണ പദ്ധതികൾ ഉണ്ട് ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പദ്ധതിക്കും ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതികൾ ഓരോന്നും നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എന്നാണ് ; ഓരോ പദ്ധതിയുടേയും അടങ്കൽ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവ ഓരോന്നും എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഓരോ പദ്ധതിയുടേയും എന്തെല്ലാം പണികളാണ് പൂർത്തിയായിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഇവ ഓരോന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ;

(ജി) കമ്മീഷൻ ചെയ്യുമ്പോൾ ഓരോ പദ്ധതിക്കും എന്തുതുക ചെലവാകും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മൂന്ന് എണ്ണം. പിറവം ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി തിരുമാറാടി-ഓണക്കൂർ-മേമുറി രാമമംഗലം വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി, ആമ്പല്ലൂർ-ഇടയ്ക്കാട്ടുവയൽ ഉദയംപേരൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി എന്നിവയാണ് അവ.

(ബി)

1. പിറവം ശുദ്ധജലവിതരണ വിപുലീകരണ പദ്ധതിക്ക് 3/92-ൽ 497 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

2. ആമ്പല്ലൂർ-ഇടയ്ക്കാട്ടുവയൽ, ഉദയംപേരൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ത്വരിത ഗ്രാമീണശുദ്ധജല വിതരണ പദ്ധതിക്ക് 1-10-1993-ൽ 269 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

3. തിരുമാറാടി-ഓണക്കൂർ-മേമുറി രാമമംഗലം വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതിക്ക് 26-3-1996-ൽ 785 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(സി)

	പദ്ധതി	പ്രവർത്തനം ആരംഭിച്ച വർഷം	അടങ്കൽ തുക
1.	പിറവം ശുദ്ധജലവിതരണ പദ്ധതി	1992	497 ലക്ഷം രൂപ
2.	ആമ്പല്ലൂർ-ഇടയ്ക്കാട്ടുവയൽ ഉദയംപേരൂർ പദ്ധതി	1993	269 ലക്ഷം രൂപ
3.	തിരുമാറാടി സമീപ വില്ലേജുകൾക്കായുള്ള പദ്ധതി	1999	785 ലക്ഷം രൂപ

(ഡി) പിറവം പദ്ധതി 3/2001-ലും, ആമ്പല്ലൂർ പദ്ധതി 12/2001-ലും, തിരുമാറാടി പദ്ധതി 12/2002-ലും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഇ) പിറവം ശുദ്ധജലവിതരണ പദ്ധതിയുടെ വെൽ-കം-പമ്പ് ഹൗസ്, റാ വാട്ടർ പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ്, ജലസംഭരണികൾ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്ക്, ഗ്രാവിറ്റിമെയിൻ എന്നിവ പൂർത്തികരിച്ചിട്ടുണ്ട്. ആമ്പല്ലൂർ പദ്ധതിയുടെ ജലസംഭരണികളും കാഞ്ഞിരമറ്റത്തുള്ള നിർദ്ദിഷ്ട ഓവർ ഹെഡ് ടാങ്ക് ഒഴികെയുള്ള ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. തിരുമാറാടി പദ്ധതിയുടെ ജലസംഭരണിയുടേയും മറ്റും, നിർമ്മാണം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. വെൽ-കം പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ മേൽപ്പറഞ്ഞ മൂന്ന് പദ്ധതികൾക്കും സംയുക്തമായിട്ടുള്ളതാണ്.

(എഫ്) പിറവം പദ്ധതി 3/2001-ലും, തിരുമാറാടി പദ്ധതി 12/2002-ലും, ആമ്പല്ലൂർ പദ്ധതി 12-2-2001-ലും പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) കമ്മീഷൻ ചെയ്യുമ്പോൾ പിറവം പദ്ധതിക്ക് 887 ലക്ഷം രൂപയും, ആമ്പല്ലൂരിന് 462 ലക്ഷം രൂപയും തിരുമാറാടിക്ക് 785 ലക്ഷം രൂപയും ചെലവാകും എന്ന് പ്രതീക്ഷിക്കുന്നു.

ലേബർ അജണ്ട പ്രകാരമുള്ള ആനുകൂല്യങ്ങൾ

55(262). ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള ലേബർ അജണ്ടയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly